# കേരള സർവകലാശാല

നം.പി.ആർ.271/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ 2018 ഡിസംബർ 17 മുതൽ 2019 ജനുവരി 1 വരെ അതതു കോളേജുകളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### മൂല്യനിർണ്ണയ ക്യാമ്പ്

2018 ഒക്ടോബർ – നവംബറിൽ നടന്ന ഒന്നും മൂന്നും സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം 2018 ഡിസംബർ 17 മുതൽ 19 വരെ എല്ലാ അഫിലിയേറ്റഡ് ടീച്ചേർസ് ട്രെയിനിംഗ് എഡ്യൂക്കേഷൻ കേന്ദ്രങ്ങളിലേയും റഗുലർ ക്ലാസ്സുകൾ റദ്ദ് ചെയ്തു കൊണ്ട് മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. എല്ലാ അദ്ധ്യാപകരും ബന്ധപ്പെട്ട മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ പങ്കെടുക്കുന്നു എന്ന് പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ കേന്ദ്രം കാര്യവട്ടം ക്യാമ്പസിൽ നടത്തി വരുന്ന ഒന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് സമ്പർക്ക ക്ലാസുകൾ ഡിസംബർ 15 മുതൽ പാളയം എസ്.ഡി.ഇ യിലേക്ക് മാറ്റിയിരിക്കുന്നു. മറ്റു ക്ലാസുകൾക്ക് മാറ്റമില്ല.

### പരീക്ഷാഫലം

2018 ജൂണിൽ നടത്തിയ ആറ്, ഏഴ് സെമസ്റ്റർ (പാർട്ട് ടൈം) എം.ടെക് സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

### പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ജനുവരി 15, 16, 17 തീയതികളിൽ നടത്തുന്ന ദേശീയ സെമിനാറിലേക്ക് 'മലയാളത്തിന്റെ അയ്യപ്പപ്പണിക്കർ' എന്ന വിഷയത്തിൽ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. ഡോ. കെ. അയ്യപ്പപ്പണിക്കരുടെ ജീവിതം, കവിത, നിരൂപണം, വിവർത്തനം, അദ്ധ്യാപനം, ഗവേഷണം, സാംസ്കാരികരംഗം തുടങ്ങിയ മേഖലകളെ അടിസ്ഥാനമാക്കിയുള്ള പ്രബന്ധത്തിന്റെ പൂർണ്ണരൂപം 2018 ഡിസംബർ 31 നകം sujasdr@gmail.com ലേക്ക് അയയ്ക്കുക. ഫോൺ: 9447218018.

## അനുസ്മരണ പ്രഭാഷണം

സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി സംഘടിപ്പിക്കുന്ന ഈ വർഷത്തെ ഡോ.കെ രാഘവൻ പിള്ള അനുസ്മരണ പ്രഭാഷണം 2018 ഡിസംബർ 14 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ഡിപ്പാർട്ട്മെന്റ് സെമിനാർ ഹാളിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ കിൻഫ്ര മുൻ എം.ഡിയും ഫാക്ട് മുൻ സി.എം.ഡിയും ആയിരുന്ന ഡോ.ജി.സി.ഗോപാലപിള്ള അനുസ്മരണ പ്രഭാഷണം നടത്തുന്നതാണ്.

തിരുവനന്തപുരം.
13.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**